## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1206 — 13.12.2012-ലെ മറുപടിക്ക്

### മിച്ചഭൂമി

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഭൂരഹിതർ ഉണ്ടെന്നാണ് കണക്കാക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) സീറോ ലാൻഡ്‌ലെസ്സ് (സിറ്റിസൺസ്) കേരള 2015 പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളുടെ പ്രാഥമിക പരിശോധനയിൽ 2,33,232 ഭൂരഹിത കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | ഇവർക്ക് എപ്രകാരം ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ഒരു ഭൂരഹിത കുടുംബത്തിന് വീട് വയ്ക്കുന്നതിന് അനുയോജ്യമായ 3 സെന്റ് ഭൂമി വീതം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. നിലവിൽ ഏറ്റെടുക്കാതെ കിടക്കുന്ന മിച്ച ഭൂമി ഏറ്റെടുത്തും, ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുള്ള പതിച്ചു നൽകാവുന്ന ഭൂമിയിൽ നിന്നും സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ നിന്നുമാണ് ഇവർക്ക് നൽകാൻ ആവശ്യമായ ഭൂമി കണ്ടെത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | നിലവിൽ സംസ്ഥാനത്ത് എത്ര മിച്ചഭൂമി ഉണ്ടെന്നാണ് കണക്കാക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) 2012 സെപ്റ്റംബർ മാസാവസാനം വരെയുള്ള റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്ത് ആകെ 608.68 ഹെക്ടർ ഭൂമി വിതരണത്തിന് ലഭ്യമായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം -II ൽ കൊടുത്തിരിക്കുന്നു |
| (ഡി) | മിച്ചഭൂമി സംബന്ധിച്ച് എത്ര ശതമാനം ഫയലുകൾ പൂർത്തിയായി; മൊത്തം ഭൂമിയുടെ എത്രശതമാനം കോടതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു വിശദമാക്കുമോ; | (ഡി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 30.09.2012 വരെയുള്ള കാലയളവിൽ 1296 ടി.എൽ.ബി കേസ്സുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തൊട്ടാകെ 1698.45 ഹെക്ടർ മിച്ചഭൂമി കോടതി കേസ്സുകളിലും; 1740.91 ഹെക്ടർ ഭൂമി നിക്ഷിപ്തവനഭൂമി തർക്കത്തിലും 2856.20 ഹെക്ടർ അന്യകൈവശത്തിലും ഉൾപ്പെട്ടുവരുന്നുണ്ട്. |
| (ഇ) | ഇപ്രകാരം മിച്ചഭൂമി സംബന്ധിച്ച കേസ്സുകൾ ഹൈക്കോടതി മുഖേന ക്വാഷ് ചെയ്ത് അർഹതപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ഇ) | ഹൈക്കോടതി ഉൾപ്പെടെയുള്ള വിവിധ കോടതികളിൽ ഉള്ള മിച്ചഭൂമി കേസ്സുകൾ ത്വരിത ഗതിയിൽ തീർപ്പാക്കുന്നതിന് അഡ്വ.ജനറൽ മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേസ്സുകൾ തീർപ്പാകുന്നമുറയ്ക്ക് അർഹതപ്പെട്ട ഭൂരഹിതർക്ക് കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥാനുസരണം കൂടുതൽ ഭൂമി നൽകുവാൻ കഴിയുന്നതാണ്. |
| (എഫ്) | ഓരോ ജില്ലയിലും ഭൂമിയ്ക്കായി അപേക്ഷ നൽകിയിട്ടുള്ള ഭൂരഹിതരുടെ എണ്ണം എത്രയെന്ന വ്യക്തമാക്കുമോ? | (എഫ്) | സീറോ ലാന്റ്ലെസ്സ് 2015 പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ 2,33,232 ഭൂരഹിതർ ഭൂമിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം -I ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം- I

| ക്രമ നമ്പർ | ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 39636 |
| 2 | കൊല്ലം | 27822 |
| 3 | പത്തനംതിട്ട | 5791 |
| 4 | ആലപ്പുഴ | 12229 |
| 5 | കോട്ടയം | 9905 |
| 6 | ഇടുക്കി | 8239 |
| 7 | എറണാകുളം | 29608 |
| 8 | തൃശ്ശൂർ | 27196 |
| 9 | പാലക്കാട് | 20433 |
| 10 | മലപ്പുറം | 19997 |
| 11 | കോഴിക്കോട് | 7145 |
| 12 | വയനാട് | 4179 |
| 13 | കണ്ണൂർ | 10101 |
| 14 | കാസർഗോഡ് | 10951 |
| | **ആകെ** | **233232** |

5-0-

# അനുബന്ധം- II

| ക്രമ നമ്പർ | ജില്ല | വിതരണത്തിന് ലഭ്യമായിട്ടുള്ള മിച്ചഭൂമി (ഹെക്ടറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 27.14 |
| 2 | കൊല്ലം | 2.97 |
| 3 | പത്തനംതിട്ട | 0.29 |
| 4 | ആലപ്പുഴ | 0.39 |
| 5 | കോട്ടയം | 18.83 |
| 6 | ഇടുക്കി | 75.03 |
| 7 | എറണാകുളം | 41.64 |
| 8 | തൃശ്ശൂർ | 21.05 |
| 9 | പാലക്കാട് | 29.94 |
| 10 | മലപ്പുറം | 6.97 |
| 11 | കോഴിക്കോട് | 11.66 |
| 12 | വയനാട് | 15.54 |
| 13 | കണ്ണൂർ | 325.01 |
| 14 | കാസർഗോഡ് | 32.22 |
| | **ആകെ** | **608.68** |